# കർത്താവിന്റെ മഹത്വപ്രത്യക്ഷത

O. M. Samuel, B. A., M. Div.

ദൈവജനത്തിന്റെ പ്രത്യാശയുടെ കേന്ദ്രബിന്ദു കർത്താവിന്റെ രണ്ടാംവരവെന്നുള്ളതാണ്. ഇതു മാററമില്ലാത്ത ദൈവവചനം പഠിപ്പിക്കുന്ന സുനിശ്ചിതമായ ഒരു ഉപദേശസത്യമാണ്. കർത്താവിന്റെ വരവിലാണ് ഒരു വിശ്വാസിയുടെ വീണ്ടെടുപ്പ് അതിന്റെ സമ്പൂർണ്ണാവസ്ഥയെ പ്രാപിക്കുന്നതു്. ദൈവികകാര്യപരിപാടികൾ പലതും ഈ സംഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു. കർത്താവിന്റെ വരവിനോടുള്ള ബന്ധത്തിൽ നാലുവിധത്തിലുള്ള വ്യാഖ്യാനരീതികളാണുള്ളതു്.

A. യേശുക്രിസ്തുവിന്റെ വരവ് ആക്ഷരിക നിറവേറലല്ല, പ്രത്യുത, ആത്മീയാർത്ഥത്തിലുള്ള നിറവേറലാണ്. ഈ അഭിപ്രായഗതിയനുസരിച്ച് കർത്താവ് ശാരീരികമായി ഭൂമിയിൽ മനുഷ്യാവതാരം ചെയ്തതുപോലെ രണ്ടാമതും വരികയില്ല. ആത്മീയമായ അർത്ഥത്തിൽമാത്രം വ്യാഖ്യാനിച്ചാൽ മതിയാവും. യരുശലേമിന്റെ പതനം, പെന്തക്കോസ്തുനാളിലെ ആത്മാവിന്റെ വരവ്, വിശ്വാസിയുടെ മരണം ഇതൊക്കെയും കർത്താവിന്റെ വരവിനു തുല്യമായ ആത്മീയാനുഭവങ്ങളാണ്.

## B. Post millennial View (പോസ്റ്റ് മില്യനൽ വ്യൂ)

സുവിശേഷഘോഷണഫലമായി ലോകം മുഴുവനും സുവിശേഷദൂതിന്നുവിധേയരായി ക്രിസ്ത്യാനികളാകും. ഇതു് കർത്താവിൻെറ വരവിന്നുമുൻപായി സംഭവിച്ചുകഴിയും. ഈ അഭിപ്രായഗതിയനുസരിച്ചു കർത്താവു രണ്ടാമതും ശാരീരികമായിത്തന്നെ വരും എന്നു വിശ്വസിക്കുന്നു. ആയിരമാണ്ടു കഴിഞ്ഞതിൻശേഷമായിരിക്കും കർത്താവിൻെറ വരവുണ്ടാവുക.

## C. Amillennial View (അമില്യനൽ വ്യൂ)

ഈ ആശയഗതിയനുസരിച്ചു് ആക്ഷരീകമായ ആയിരമാണ്ടുവാഴ്ചയേ ഇല്ല. ഇന്നു നാം നിവസിക്കുന്ന കാലം ആയിരമാണ്ടു വാഴ്ചയുടെ ആത്മീയനിലയാണു്. കർത്താവായ യേശുക്രിസ്തുവിൻെറ പുനരാഗമനത്തോടുകൂടി നിത്യത പൊട്ടിവിടരും. അല്ലാതെ ക്രിസ്തു രാജാവായി ആയിരമാണ്ടു വാഴുക എന്നുള്ള സത്യം ഇക്കൂട്ടർ അംഗീകരിക്കുകയില്ല.

## D. Pre-millennial View (പ്രീ-മില്യനൽ വ്യൂ)

കർത്താവിൻെറ മഹത്വപ്രത്യക്ഷതക്കുശേഷം അവൻ ഈ ഭൂമിയിൽ 1000 വർഷത്തെ നീതിപൂർണ്ണമായ ഭരണം നടത്തി അനേക പ്രവചനങ്ങളുടെ നിവർത്തിവരുത്തും. ഇത്തരത്തിലുള്ള വ്യാഖ്യാനരീതിയുടെ മറെറാരു പ്രത്യേകത സഭ മഹോപദ്രവകാലത്തിൽകൂടി കടന്നുപോകുകയില്ല എന്നുള്ളതാണു്. ഈ വ്യാഖ്യാനരീതിയനുസരിച്ചാണു് നാം കർത്താവിൻെറ മഹത്വപ്രത്യക്ഷതയെക്കുറിച്ചു് ചില കാര്യങ്ങൾ ചിന്തിക്കാൻപോകുന്നതു്.

യേശുക്രിസ്തുവിൻെറ ഒന്നാംവരവിനു രണ്ടുപതനങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത്തു് ബെത്ത്ലഹേമിലെ പുൽക്കൂട്ടിൽ ഒരു ശിശുവായി പിറന്നു. രണ്ടാമത്തു് അവൻെറ പരസ്യശുശ്രൂഷയുടെ രംഗം. യിസ്രായേൽരാഷ്ട്രം മശിഹായുടെ വരവിനുവേണ്ടി കാത്തിരുന്നു. എന്നാൽ അവരുടെ മസ്തിഷ്കത്തിനു മനനംചെയ്യാൻ സാധിക്കാതിരുന്ന ഒരു മർമ്മമായിരുന്നു യേശുക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങളും അതേത്തുടർന്നുള്ള മഹത്വവും. മശിഹായുടെ മഹത്വം അവരുടെ ഭാവനയിൽ നിറഞ്ഞുനിന്നിരുന്നു. എന്നാൽ അവരുടെ മശിഹായുടെ കഷ്ടാനുഭവങ്ങൾ അവരുടെ ചിന്തയിൽ ഒരെത്തുംപിടിയും കിട്ടാത്ത വിഷയമായിരുന്നു.

ഇതുപോലെ, യേശുക്രിസ്തുവിൻെറ രണ്ടാംവരവിലുള്ള രണ്ടു പതനങ്ങൾ പലർക്കും ദുർഗ്രാഹ്യമാണു്. ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും മനുഷ്യപുത്രൻെറ ഭൂമിയിലേയ്ക്കുള്ള വരവിനെക്കുറിച്ചാണു പ്രതിപാദിക്കുന്നതു്. എന്നാൽ യോഹന്നാൻെറ സുവിശേഷം 14–ാം അദ്ധ്യായത്തിൽ "ഞാൻ പിന്നെയും വന്നു് നിങ്ങളെ എൻെറ അടുക്കൽ ചേർത്തുകൊള്ളും" എന്നു പറയുന്നു. ഈ ഭാഗത്തു് രണ്ടുവിധത്തിലുള്ള ചലനങ്ങളാണുള്ളതു്. ഒന്നാമത്തേതു്, കർത്താവിൻെറ താഴേയ്ക്കുള്ള ചലനം. രണ്ടാമത്തേതു്, തൻെറ ജനം അവൻെറ സവിധത്തിലേയ്ക്കു മാറുന്നതു്. യേശുക്രിസ്തുവിൻെറ സഭയ്ക്കുവേണ്ടിയുള്ള വരവിനെക്കുറിച്ച സുവിശേഷങ്ങളിലുള്ള ഏകവിവരണമാണിതു്.

മദ്ധ്യാകാശത്തിലേയ്ക്കുള്ള കർത്താവിൻെറ വരവിനോടനുബന്ധിച്ച നാലു പ്രത്യേക കാര്യങ്ങൾ നാം ഓർത്തിരിക്കേണ്ടതാണു്. വിശുദ്ധന്മാർക്കുവേണ്ടിയുള്ള വരവു് For saints (1 തെസ്സ. 4:16, 17; ഫിലി. 3:20, 21; 1 തി

മൊ. 3:16). ഇര വരവ് ഉദയനക്ഷത്രംപോലെയുള്ള ഒന്നാണ് (വെളി. 22:16). അടുത്ത പ്രത്യേകത ഈ വരവ് രഹസ്യം ആയിരിക്കും (1 തെസ്സ. 4; ഫിലി. 3:20, 21; 1 തിമൊ. 3:16). ഈ വരവിനെക്കുറിച്ചു പഴയനിയമം തികച്ചും മൗനം പാലിക്കുന്നു. യേശുക്രിസ്തുവിൻെറ ശരീരമാകുന്ന സഭ എന്ന സത്യം അന്ന് വെളിപ്പെട്ടുത്തിയിരുന്നില്ല.

ഭൂമിയിലേയ്ക്കുള്ള തൻെറ വരവിന്നു് ഇതുപോലെ നാലു പ്രത്യേകതകൾ ഉണ്ടു്. വിശുദ്ധന്മാരോടുകൂടിയായിരിക്കും കർത്താവു ഭൂമിയിലേയ്ക്കു വരുന്നതു് (With saints) (സെഖ. 14:4–5). മദ്ധ്യാകാശത്തിലെ വരവിൽ തന്നോടുകൂടെ ചേർക്കപ്പെട്ട വിശുദ്ധരായിരിക്കും തന്നോടുകൂടെ ഭൂമിയിലേയ്ക്കു വരുന്നതു്. മദ്ധ്യാകാശത്തിലെ വരവ് പ്രഭാതനക്ഷത്രംപോലെയാണെങ്കിൽ ഭൂമിയിലേയ്ക്കുള്ള വരവ് നീതിസൂര്യനെപ്പോലെയായിരിക്കും. നീതിസൂര്യൻ തൻെറ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടി ഉദിക്കും" (മലാ. 4:2). ഈ വരവ് പ[illegible]സ്യമായിരിക്കും. "ഇതാ അവൻ മേഘാരൂഢനായി വരുന്നു. ഏതു കണ്ണും അവനെ കാണും" (വെളി. 1:7). അവസാനമായി ഈ വരവിനെക്കുറിച്ചു പഴയനിയമത്തിലും വ്യക്തമായ പരാമർശനങ്ങൾ ഉണ്ടു്. രണ്ടാംവരവിൻെറ ആദ്യപതനം സഭയാകുന്ന ശരീരത്തിൻെറ ശിരസ്സ് എന്ന നിലയിൽ സഭയ്ക്കുവേണ്ടിയും രണ്ടാംപതനം ഇസ്രായേലിൻെറ മശ്ശീഹാ എന്നുള്ള നിലയിൽ രാജ്യഭാരം ഏൽക്കുവാനുമായിട്ടാണു് അവൻ വരുന്നതു്.

യേശുക്രിസ്തുവിൻെറ രണ്ടാമത്തെ വരവ് വ്യക്തിപരമായ (Personal) ഒരു വരവായിരിക്കും. തൻെറ സ്വർഗ്ഗാരോഹണത്തെ അത്ഭുതസ്തബ്ധരായി നോക്കിനിന്ന

ശിഷ്യഗണത്തോടു സ്വർഗ്ഗദൂതന്മാർ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "ഗലീലാ പുരുഷന്മാരെ, നിങ്ങൾ ആകാശത്തിലേയ്ക്കു നോക്കിനിൽക്കുന്നതെന്തു്? നിങ്ങളെവിട്ടു സ്വർഗ്ഗാരോഹണംചെയ്ത ഈ യേശുവിനെസ്വർഗ്ഗത്തിലേയ്ക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അവൻ വീണ്ടുംവരും എന്നു പറഞ്ഞു" (അപ്പോ. പ്രവൃ. 1:11). അവരെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത യേശു ഒരു വ്യക്തിയായിരുന്നു. അതുപോലെ നഗ്നമായ കണ്ണുകൊണ്ടു ദൃശ്യമാകത്തക്ക നിലയിലാണു് അവൻ സ്വർഗ്ഗത്തിലേയ്ക്കു പ്രവേശിച്ചതു്. പ്രസ്തുത വാക്യത്തിൽ ഈ യേശു എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക (The Same Jesus). അവർ ആകാശത്തിൻെറ വിരിമാറിലേയ്ക്കു് മിഴിച്ചുനോക്കിക്കൊണ്ടുനിന്നപ്പോൾ മേഘങ്ങളാൽ എടുക്കപ്പെട്ട ആ യേശുതന്നെയാണു വീണ്ടും വരുന്നതു്. അതുപോലെ, പോയതുപോലെതന്നെ മടങ്ങിവരും. അതോടുള്ള ബന്ധത്തിൽ ഏതു സ്ഥലത്തുനിന്നും അവൻ സ്വർഗ്ഗാരോഹണം ചെയ്തുവോ അതേ ഒലിവുമലയിൽതന്നെ അവൻ രണ്ടാമതും വരും. ഏതൊരു മേഘക്കീറുകൾ തന്നെ മററുള്ളവരുടെ ദൃഷ്ടികളിൽനിന്നും മറച്ചുവോ അതേ മേഘംതന്നെ വാഹനമാക്കി അവൻ വീണ്ടുംവരും. ഇതു് ആക്ഷരികമായ നിലയിൽതന്നെ നിവർത്തിയായേ മതിയാവൂ.

മാത്രവുമല്ല, അവൻെറ വരവു് ശീഘ്രത്തിൽ ആയിരിക്കും (Sudden). "നാം എല്ലാവരും ഒരു കണ്ണിമയ്ക്കുന്നതിനിടയിൽ രൂപാന്തരപ്പെടും" (1 കൊരി. 15:51–52). രാത്രിയിൽ കള്ളൻ വരുന്നതുപോലെ കർത്താവിൻെറ

നാരം വരുന്നു. കർത്താവിന്റെ നാരം എന്നുള്ളതു ന്യായവിധിയുടെയും പീഡനങ്ങളുടെയും സമയമായിരിക്കും. കള്ളനെപ്പോലെ വരുന്നു എന്നു വിവരിക്കുമ്പോരം തന്റെ വരവിന്റെ അപ്രതീക്ഷിതവും വേഗതയും നമുക്കു ഗ്രഹിക്കാൻ കഴിയും. കർത്താവിന്റെ വരവു് അപ്രതീക്ഷിതവും ശീഘ്രവും ആയിരിക്കും എന്നു മാത്രമല്ല അതു് ദൃശ്യമായ രീതിയിൽ (Visible) ആയിരിക്കും. ഈ വരവിനെ ആത്മീയാർത്ഥത്തിൽ വ്യാഖ്യാനിക്കുക എന്നുള്ളതു് ഒരിക്കലും അനുയോജ്യമായിരിക്കയില്ല.

കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയോടുകൂടി മഹോപദ്രവകാലം പര്യവസാനിക്കും. കർത്താവിന്റെ മഹത്വപ്രത്യക്ഷയോടുള്ള ബന്ധത്തിൽ മൂന്നു വേദഭാഗങ്ങരം സംക്ഷിപ്തമായി പരിശോധിക്കേണ്ടതുണ്ടു്.

1. സെഖ. 14:3–4:–

ഈ അദ്ധ്യായത്തിന്റെ ആരംഭഭാഗത്തു് മഹോപദ്രവകാലത്തോടുള്ള ബന്ധത്തിൽ യരുശലേമിനുനേരെയുണ്ടാകുന്ന ആക്രമണത്തെക്കുറിച്ചു വിവരിക്കുന്നു. അന്തിക്രിസ്തു തന്റെ വിജയത്തിന്റെ മാദകലഹരിയിൽ ലയിച്ചു് തന്റെസൈന്യങ്ങളുമായി യഹോശാഫാത്തു് താഴ്‌വരയിൽ ഒരുമിച്ചുകൂടും (യോവേ. 3:2,12). യിസ്രായേൽ ഒരു രാഷ്ട്രം എന്നുള്ളനിലയിൽ തങ്ങളുടെ നിലനിൽപ്പു തങ്ങളുടെ സ്വയാർജ്ജിതമായ ശക്തികൊണ്ടു സാധിക്കയില്ല എന്നു് അനുഭവങ്ങളിൽനിന്നു പഠിക്കും. ഈ സമയം യഹോ

വയുടെ കൈ അവർക്കനുകൂലമായി ഉയരും. 4–ാം വാക്യത്തിൽ കർത്താവിൻെറ മഹത്വപ്രത്യക്ഷത എവിടെ ഉണ്ടാകും എന്നു വ്യക്തമായി നിർദ്ദേശിക്കുന്നു. യരുശലേമിനു സമീപമുള്ള ഒലിവുമലയിലായിരിക്കും കർത്താവു വരുന്നതു്. രണ്ടായിരംവർഷങ്ങൾക്കുമുൻപു് ഇതേ സ്ഥാനത്തു നിന്നാണു് താൻ സ്വർഗ്ഗാരോഹണംചെയ്തതു്. ആ സ്ഥാനത്തുതന്നെ വീണ്ടും പ്രത്യക്ഷനാകുക എന്നുള്ളതുതന്നെ അനുയോജ്യമായ ഒരു സംഗതിയാണു്. കർത്താവിൻെറ പാദസ്പർശനമേൽക്കുമ്പോൾ ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവെ പിളർക്കപ്പെടും. അവൻെറ ശക്തിയുടെയും പ്രതാപത്തിൻെറയും ബാഹ്യലക്ഷണമായിരിക്കും അതു്. തൻെറ ശത്രുക്കളും യിസ്റായേൽ ജനങ്ങളും ഈ കാഴ്ചയ്ക്കു സാക്ഷ്യംവഹിക്കും.

2. മത്താ. 24:27—30:—

കർത്താവിൻെറ മഹത്വപ്രത്യക്ഷതയെക്കുറിച്ചു വളരെ വ്യക്തമായി പ്രതിപാദിക്കുന്ന രണ്ടാമത്തെ വേദഭാഗമാണിതു്. ഒലിവുമലപ്രഭാഷണത്തിലെ ഒരു ഭാഗമാണല്ലോ ഇതു്. ഇതിനുമുൻപുള്ള വാക്യങ്ങളിൽ വിവരിക്കുന്നതു് മഹോപദ്രവകാലത്തെക്കുറിച്ചാണു്. ആ സമയം അന്തിക്രിസ്തുനടത്തുന്ന വ്യാജ അവകാശവാദങ്ങളുടെ വിവരണവും ഉണ്ടു്. അതുകഴിഞ്ഞു് തൻെറ വരവിനെക്കുറിച്ചാണു് കർത്താവുതന്നെ തിരുവായ്മൊഴിഞ്ഞതു്. 27–ാം വാക്യത്തിൽ മിന്നൽ ആകാശത്തു പ്രത്യക്ഷപ്പെടുന്നതുപോലെ മനുഷ്യപുത്രൻെറ വരവുണ്ടാകും എന്നുപറയുന്നു. 29–ാം വാക്യത്തിൽ വരവിൻെറ സമയം കൃത്യമായിതന്നെ സൂചി

പ്പിക്കുന്നു. "ആ കാലത്തിലെ കഷ്ടംകഴിഞ്ഞ ഉടനെ" ആയിരിക്കും അവൻെറ വരവ്. തന്നെയുമല്ല അവൻെറ വരവിനോടുള്ള ബന്ധത്തിൽ വാനഗോളങ്ങൾക്കുതന്നെ ചില വ്യതിയാനങ്ങൾ ഉണ്ടാകും. സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശംകൊടുക്കാതിരിക്കും. ആകാശമണ്ഡലത്തിലെ ഗോളങ്ങൾക്കുപോലും ഉണ്ടാകുന്ന വ്യത്യാസങ്ങൾ കർത്താവിൻെറ മഹത്വപ്രത്യക്ഷത എന്നുള്ളതു് അനിതരസാധാരണമായ ഒരു സംഭവമാണെന്നു തെളിയുന്നു.

3. വെളി. 19:11–21 :—

വെളിപ്പാടുപുസ്തകം 19–ാം അദ്ധ്യായമാണ് ഈ സംഭവത്തെക്കുറിച്ച് ഏററവും വിശദമായി പ്രതിപാദിക്കുന്ന ഭാഗം. ഈ അദ്ധ്യായത്തിൻെറ ആദ്യഭാഗത്തു് ഹല്ലേലുയ്യാഗീതവും കുഞ്ഞാടിൻെറ കല്യാണത്തെക്കുറിച്ചും വിവരിക്കുന്നു. ഇതുകഴിഞ്ഞാണ് അതായത്തു് മഹോപദ്രവകാലത്തിൻെറ പര്യവസാനത്തിൽ കർത്താവിൻെറ മഹത്വപ്രത്യക്ഷതയും ഉണ്ടാകും. 11–16 വരെ ഈ പ്രത്യക്ഷതയുടെ വിവരണമാണ്. 11–ാം വാക്യത്തിൽ തുറന്നിരിക്കുന്ന സ്വർഗ്ഗത്തിൽനിന്നു് ഒരുവൻ വെള്ളക്കുതിരപ്പുറത്തു് ജേതാവായി പ്രത്യക്ഷപ്പെടുന്നു. നാലാം അദ്ധ്യായത്തിൻെറ ആരംഭത്തിൽ ഇതുപോലെ ഒരു തുറക്കപ്പെട്ട സ്വർഗ്ഗം നമുക്കു കാണാം. കുതിരപ്പുറത്തിരിക്കുന്നവൻെറ പേരു് "വിശ്വസ്തനും സത്യവാനും എന്നാണ്". കർത്താവായ യേശുക്രിസ്തുവല്ലാതെ ആരെയാണ് വിശ്വസ്തനും സത്യവാനും എന്നു തിരുവചനം വിശേഷിപ്പിക്കുന്നതു്? വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി 3–ാം അദ്ധ്യായ

ത്തിൽ ക്രിസ്തുവിനെക്കുറിച്ചു പറയുന്നുണ്ടു്. അവൻ നീതിയോടെ ഭരിക്കയും പോരാടുകയും ചെയ്യുന്നവനാണു്. അവന്റെ കണ്ണുകൾ അഗ്നിജ്ജ്വാലക്കു തുല്യമാണു്. തലയിൽ അനേകം രാജമുടികളും ഉണ്ടു്. അവനു നൽകിയിരിക്കുന്ന മറെറാരുപേരാണു് ദൈവവചനം. ഈ വചനമാണു് രണ്ടായിരം വർഷങ്ങൾക്കുമുൻപു് ജഡമായി ബെത്തലഹേമിലെ പുൽത്തൊഴുത്തിൽ അവതരിച്ചതു്. ആ സമയം സ്വന്തജനമായ യിസ്രായേൽ അവനെ പരിത്യജിച്ചു. 14—ാം വാക്യത്തിൽ അവനെ അനുഗമിക്കുന്ന സൈന്യത്തെക്കുറിച്ചുള്ള വിവരണമാണു്. ആരാണു് ഈ സ്വർഗ്ഗീയ സൈന്യം. യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭ തന്നെ അനുഗമിക്കുമെന്നതിനു് രണ്ടുപക്ഷമില്ല. രാജാധിരാജാവും കർത്താധികർത്താവും എന്നുള്ള വിവരണം യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ അതിശ്രേഷ്ഠങ്ങളായ വിശേഷണങ്ങളാണു്.

ഈ അദ്ധ്യായത്തിന്റെ അവസാനഭാഗത്തു് അന്തിക്രിസ്തുവിനുണ്ടാകുന്ന തകർച്ചയും പരാജയവും വിവരിക്കുന്നു. ക്രിസ്തുവിനെതിരായി അണിനിരക്കുന്നതു് മൃഗവും ഭൂരാജക്കന്മാരും അവരുടെ സൈന്യങ്ങളും ആണു്. മൃഗത്തെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. മരണം കാണാതെ എടുക്കപ്പെട്ട മററു രണ്ടുപേരുടെ അവസ്ഥയും ഇവരുടെ അവസ്ഥയും തമ്മിൽ എന്തൊരന്തരം! ശേഷിച്ചവർ വധിക്കപ്പെടുന്നു.

അന്തിക്രിസ്തുവിനെയും കൂട്ടരെയും തുരത്തിയതിനുശേഷം കർത്താവു് തന്റെ ആയിരമാണ്ടുവാഴ്ച ആരംഭിക്കും.

അതിൻെറ നാന്ദിയായി യിസ്രായേൽ കർത്താവായ യേശുക്രിസ്തുവിനെ അവരുടെ മശീഹയായി അംഗീകരിക്കും. അതിനെക്കുറിച്ചു സെഖര്യാപ്രവാചകൻ പറയുന്നതിപ്രകാരമാണു്: "ഞാൻ ദാവീദ് ഗൃഹത്തിന്മേലും യരുശലേം നിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും. തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു് അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും" (സെഖ. 12:10). യെഹെസ്‌ക്കേൽ പ്രവാചകൻ ഇതിനെക്കുറിച്ചു പറയുന്നതു് തൻെറ ജനത്തെ അവൻ എല്ലാ രാജ്യത്തുനിന്നും കൂട്ടിവരുത്തി അവരുടെമേൽ ശുദ്ധജലം തളിച്ചു് വെടിപ്പാക്കും. അവർക്കു് ഒരു പുതുഹൃദയവും ദാനംചെയ്യും. തൽഫലമായി യിസ്രായേൽ തൻെറ പാപത്തെക്കുറിച്ചു് ഓർത്തു് അനുതപിക്കും എന്നാണു് (യെഹെ. 36:24–31). അന്നാളിൽ ഇതാ നമ്മുടെ ദൈവം, അവനെയത്രേ നാം കാത്തിരിക്കുന്നതു്. അവൻെറ രക്ഷയിൽ നമുക്കു സന്തോഷിച്ചു് ആനന്ദിക്കാം എന്നാണു് പ്രവാചകവീരനായ യെശയ്യാവു് അരുളിചെയ്‌തിരിക്കുന്നതു്. റോമാലേഖനത്തിൽ പൗലൊസു പറയുന്നതു്: അങ്ങനെ എല്ലാ യിസ്‌റായേലും രക്ഷിക്കപ്പെടും എന്നാണു് (റോമ. 11:25).

യിസ്‌റായേൽ ഒരു ജാതി എന്ന നിലയിൽ കർത്താവിനെ മശീഹയായി അംഗീകരിക്കുമെങ്കിലും മൽസരികളായ ഒരുകൂട്ടർ ഉണ്ടാകും. ഇങ്ങനെയുള്ളവരെ അവൻ ന്യായംവിധിക്കും. പൂർവ്വകാലത്തു് അവരുടെ പിതാക്കന്മാർ കാദേശ് ബർന്നയിൽ അനുസരണക്കേടുകാണിച്ചു

പ്പോൾ അവരെ മരുഭൂമിയിൽവെച്ചു ശിക്ഷിച്ചതുപോലെ മത്സരികളായി തൻെറ രാജത്വത്തെ അംഗീകരിക്കാത്ത യഹൂദനെ അവൻ ന്യായംവിധിക്കും.

ഇതുപോലെതന്നെ അന്നുള്ള ജാതികളെയും അവൻ ന്യായംവിധിക്കും. ജാതികളെ ന്യായംവിധിക്കുന്നതിൻെറ മാനദണ്ഡം തൻെറ സഹോദരന്മാരായ യഹൂദജാതിയോട് അവർ എങ്ങനെ പെരുമാറി എന്നതിനെ ആസ്പദമാക്കിയാണ്. ഇടയൻ ചെമ്മരിയാടിനെയും കോലാടിനെയും വേർതിരിക്കുന്നതുപോലെ അവരെ ന്യായംവിധിക്കും.

യേശുക്രിസ്തുവിൻെറ മഹത്വപ്രത്യക്ഷതയിൽ സംഭവിക്കുന്ന മറെറാരു കാഴ്ചയാണ് സാത്താനെ ബന്ധിക്കും എന്നുള്ളത്.

സഹസ്രാബ്ദം ആരംഭിക്കുന്നതിനുമുൻപ് സംഭവിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യമാണിത്. വെളി. 20—ാം അദ്ധ്യായത്തിൻെറ ആരംഭത്തിൽ ഇതിനെക്കുറിച്ചു പറയുന്നുണ്ട്. നാലു പ്രത്യേക പേരുകളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. പിശാച്, സാത്താൻ, പഴയപാമ്പ്, മഹാസർപ്പം എന്നിവയാണ് ആ പേരുകൾ. ഈ നാലു പേരുകളും ഒരു വ്യക്തിയെ പരാമർശിക്കുന്നവയാണ്. സാത്താനെ ബന്ധിച്ച് ആയിരംവർഷത്തേക്ക് അഗാധതയിൽ തള്ളിക്കളയും.

മഹാശക്തിയോടും പ്രതാപത്തോടുംകൂടി സ്വർഗ്ഗത്തിൽ ഇറങ്ങിവരുന്ന കർത്താവ് ആയിരം നീണ്ടവർഷങ്ങൾ ഈ ഭൂമിയിൽ നീതിയും സമാധാനവും നൽകി ഭരി

ക്കും. ഇങ്ങനെയുള്ള ഒരു സത്ഭരണത്തിനുവേണ്ടി ലോകം എത്രയോ നൂററാണ്ടുകളായി കാത്തിരിക്കുന്നു. ഇങ്ങനെയുള്ള മോഹനവാഗ്ദാനങ്ങൾ നൽകുന്ന ആരെങ്കിലുമുണ്ടെങ്കിൽ അതു കേവലം അധരവ്യായാമം മാത്രമായിരിക്കും. എന്നാൽ നമ്മുടെ വീണ്ടെടുപ്പുകാരനും രക്ഷിതാവുമായ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയിൽ ആ ചിരകാലസ്വപ്നം പൂവണിയും.